265 (1444) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ റീ വൈറ്റ ലൈസേഷൻ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ റീവൈറ്റലൈസേഷൻ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ടി.സി.സി.യിലെ കഴിഞ്ഞ 5 വർഷത്തെ ലാഭനഷ്ടകണക്ക് എന്തെന്ന് വ്യക്തമാക്കുമോ;

(സി) ടി.സി.സി.യിൽ കറന്റ് ചാർജ്ജ് യൂണിറ്റിന് എത്രയാണ് ഇപ്പോൾ ഈടാക്കുന്നത്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർവ്വീസ് ചാർജ്ജ് ഇനത്തിലും ലീസ് ഇനത്തിലും സംസ്ഥാന സർക്കാരിന് ടി.സി.സി. നൽകേണ്ട തുക സർക്കാർ ഇക്വിറ്റി ആയി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) ടി.സി.സി. പാട്ടമായി നൽകേണ്ട സംഖ്യ എത്രയാണ്; ഈ തുക അടയ്ക്കുന്നതിന് 10 വർഷത്തെ സാവകാശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്പനി തയ്യാറാക്കിയ പുനരുദ്ധാരണ പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നതാണ്.

(i) കമ്പനിക്ക് ആവശ്യമായ വൈദ്യുതി കിലോവാട്ടിന് 1.82 രൂപ നിരക്കിൽ അടുത്ത അഞ്ചു വർഷത്തേയ്ക്ക് ലഭ്യമാക്കുക.

(ii) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത 52.63 കോടി രൂപ ഒന്നായി അടച്ചുതീർക്കാൻ വേണ്ട ധനസഹായം കേരളാ ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ടിൽനിന്നും ലഭ്യമാക്കുക.

(iii) വളരെ ലാഭകരമായ വിഭവ സന്തുലന പദ്ധതി നടപ്പിലാക്കാൻ വേണ്ട 12.75 കോടി രൂപയും ടി ഫണ്ടിൽ നിന്നും ലഭ്യമാക്കുക.

(iv) മൊത്തം 16.5 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള രണ്ടു ചെറുകിട ജലവൈദ്യുത പദ്ധതികൾ ടി.സി.സി.ക്ക് അനുവദിക്കുക.

(v) സർവ്വീസ് ചാർജ്ജ് ഇനത്തിൽ സർക്കാരിന് നൽകാനുള്ള 14.6 കോടി രൂപയും പാട്ടമായി നൽകാനുള്ള 6.52 കോടി രൂപയും മൂലധന നിക്ഷേപമായി മാറ്റുകയും തുടർന്ന് സർവ്വീസ് ചാർജ്ജ് ഒഴിവാക്കുകയും ചെയ്യുക.

(vi) നിലവിലുള്ള മെർക്കുറി സെൽ പ്ലാന്റ് മെമ്പറയിൻ സെൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കാനുള്ള സഹായം ചെയ്യുക.

(ബി) ടി.സി.സി.യുടെ കഴിഞ്ഞ 5 വർഷത്തെ ലാഭനഷ്ട കണക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്. (നികുതി ബാദ്ധ്യതയ്ക്കുമുമ്പ്)

94-95 - 13.06 കോടി രൂപ ലാഭം

LIBRARY ARCHIVES Kerala Legislative Assembly

95-96 - 14.87 കോടി രൂപ ലാഭം

96-97 - 0.81 കോടി രൂപ ലാഭം

97-98 - 12.75 കോടി രൂപ നഷ്ടം

98-99 - 8.44 കോടി രൂപ നഷ്ടം

(സി) കിലോവാട്ടിന് 2.48 രൂപയാണ് ഇപ്പോൾ ഈടാക്കുന്നത്. ഈ നിരക്ക് വർദ്ധിപ്പിക്കാൻ ഇപ്പോൾ നിർദ്ദേശമില്ല.

(ഡി)&(ഇ) 31.3.99 വരെ പാട്ടക്കരമായി കമ്പനി സർക്കാരിന് 6.52 കോടി രൂപ നൽകേണ്ടതുണ്ട്. സർവ്വീസ് ചാർജ്ജ് ഇനത്തിലും പാട്ടക്കരമായും നൽകുവാനുള്ള തുക കമ്പനിയിൽ സർക്കാരിന്റെ മൂലധന നിക്ഷേപമായി മാറ്റണമെന്നും തുടർന്ന് സർവ്വീസ് ചാർജ്ജ് നിറുത്തലാക്കണമെന്നും പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരന്തിമ തീരുമാനമെടുത്തിട്ടില്ല.

266 (1445) കെൽ.പാം-ന്റെ പദ്ധതികൾ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽ പാം ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പനകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയും പനയിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനും ഉപഭോഗത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇനിയും എന്തെല്ലാം പുതിയ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) കെൽ പാം ന്റെ യൂണിറ്റുകളോ, സെന്ററുകളോ മറ്റു സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ ഇവ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികയിൽ എന്നും നിയമനരീതി എപ്രകാരമായിരുന്നു എന്നുമുള്ളതിന്റെ വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെൽ.പാംമിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികയിൽ, നേരിട്ടുള്ള നിയമനത്തിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ഏതെങ്കിലും തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) കെൽ.പാം നടത്തിപ്പിനെക്കുറിച്ചും നിയമന രീതിയെക്കുറിച്ചും ഉള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഐ) കെൽ.പാംമിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഏതെങ്കിലും തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly